പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം                12..6..2013-ലെ മറുപടിക്ക്
നം. T 706

## നൂറനാട് ലെപ്രസി സാനിട്ടോറിയത്തിന്റെ ഭൂമി ഐ.റ്റി.ബി.പി.യ്ക്ക് കൊടുക്കുന്നത്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. രാജേഷ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) നൂറനാട് ലെപ്രസി സാനിട്ടോറിയത്തിന്റെ ഭൂമി ഐ.റ്റി.ബി.പി. യ്ക്ക് കൊടുക്കുവാനുള്ള തീരുമാനം അടിയന്തിരമായി പിൻവലിക്കുമോ;<br><br>ബി) പ്രസ്തുത സ്ഥലം ആരോഗ്യ വകുപ്പിനു കീഴിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;<br><br>സി) ആരോഗ്യ വകുപ്പിന്റെ ബൃഹത് പദ്ധതികൾ ആരംഭിക്കുവാൻ കഴിയുന്ന ഭൂമിയാണിതെന്നത് പരിശോധിച്ചിട്ടുണ്ടോ;<br><br>ഡി) ഭാവിയിൽ മെഡിക്കൽ കോളെജ് തന്നെ ആരംഭിക്കുവാൻ കഴിയുന്ന സ്ഥലമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | എ), ബി), സി) & ഡി) ആലപ്പുഴ ജില്ലയിലെ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന് ഏകദേശം 145 ഏക്കർ സ്ഥലമാണ് കൈവശമുള്ളത്. ഐ.റ്റി.ബി.പി യുടെ ഒരു യൂണിറ്റ് ആരംഭിക്കാൻ ഇതിൽ നിന്നും 50 ഏക്കർ സ്ഥലം നൽകുവാൻ 23--2012 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുത യോഗത്തിലെ തീരുമാന പ്രകാരം ലെപ്രസി സാനിറ്റോറിയത്തിന്റെ ചുറ്റളവിലുള്ള 25 ഏക്കർ സ്ഥലം കണ്ടെത്താനും ആയത് സാനിട്ടോറിയത്തിനോട് ചേർക്കാനും ആലപ്പുഴ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 20 ഏക്കർ സ്ഥലം ആശുപത്രിക്കും ക്വാർട്ടേഴ്സിനും ലഭ്യമാക്കാനും 71 ഏക്കർ സ്ഥലം ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസോ അതുപോലെ ആരോഗ്യ സേവന മേഖലയിലെ സ്ഥാപനങ്ങൾക്കോ വേണ്ടി ആരോഗ്യ വകുപ്പിൽ തന്നെ നിലനിർത്താനും ഇതിനായി ഒരു പ്ലാൻ തയ്യാറാക്കി സമർപ്പിക്കാനും ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ഇതേവരെ ലഭ്യമായിട്ടില്ല. ആരോഗ്യ വകുപ്പിന് ആവശ്യമായിട്ടുള്ള സ്ഥലം മാറ്റി വച്ചുകൊണ്ടാണ് ഐ.റ്റി. ബി.പി.ക്ക് സ്ഥലം വിട്ടുനൽകാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ